# മുട്ടിൽ ഗ്രാമപഞ്ചായത്ത് കാര്യാലയം

ഫയൽ നമ്പർ- 2243657-2025

മുട്ടിൽ പി.ഒ, വയനാട്
ഫോൺ -04936 202418
ഇ-മെയിൽ - muttilgp@gmail.com
തിയ്യതി- 23/06/2026

## ക്വട്ടേഷൻ പരസ്യം

മുട്ടിൽ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന വിവിധ വാർഡുകളിൽ, ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന അപകടകരമായ മരങ്ങളും മരക്കൊമ്പുകളും മുറിച്ചു മാറ്റുന്നതിന് പരിചയസമ്പന്നരായ വ്യക്തികളിൽ/സ്ഥാപനങ്ങളിൽ നിന്നും മത്സരാധിഷ്ഠിതമായ സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ 03/07/2026 ന് വൈകുന്നേരം 3.00 മണിക്ക് മുൻപായി ലഭിക്കുന്ന രീതിയിൽ പോസറ്റൽ ആയോ നേരിട്ടോ പഞ്ചായത്ത് ഓഫീസിൽ എത്തിക്കേണ്ടതാണ്.

| ക്രമ | സ്ഥലം | വാർഡ് | പ്രവൃത്തിയുടം വിവരങ്ങൾ |
|---|---|---|---|
| 1 | വെറ്ററനറി ഡിസ്പെൻസറി മുട്ടിൽ | 13 വാഴവറ്റ | തവര മരം കെട്ടിടത്ത് പുറകിലായി ചില്ല മുറിച്ച് അപകടം ഒഴിവാക്കാനായി |
| 2 | പനങ്കണ്ടി ഹെൽത്ത് സെന്റർ | 6- കാര്യമ്പാടി | പാതിരി മരം –ചില്ല മുറിക്കൽ |
| | | | പ്ലാവ് ചില്ല മുറിക്കൽ |
| | | | ചൂളക്കാറ്റാടി -ചില്ല മുറിച്ച് തലപ്പ് കട്ട് ചെയ്യൽ |
| 3 | പനങ്കണ്ടി അങ്കണവാടി | 6- കാര്യമ്പാടി | പ്ലാവ് – ചില്ല മുറയക്കൽ |
| | | | എടല - ചില്ല മുറയക്കൽ |
| | | | വെണ്ടേക്ക്- മരം മുറിച്ച് നീക്കണം- (മതിലിനും, റോഡിലെ യാത്രകാർക്കും ഭീഷണി) |
| 4 | ശാസ്ത്രി നഗർ ഉന്നതി | 22- പാറക്കൽ | പൂമരം- മരം മുറിച്ച് നീക്കണം- (അങ്കണവാടിയോട് ചേർന്ന് കുട്ടികൾക്ക് ഭീഷിണി) |

| | | | |
|---|---|---|---|
| | | | പൂമരം - മരം മുറിച്ച് നീക്കണം (ശാന്ത എന്നവരുടെ വീടിന് ഭീഷിണി |
| | | | തെങ്ങ് - മുറിച്ച് മാറ്റണം – ദേവു എന്നവരുടെ വീടിന് ഭീഷിണി |
| 5 | അമ്പുകുത്തി ലക്ഷം വീട് ഉന്നതി | 20- അമ്പുകുത്തി | ബദാം മരം – മുറിച്ച് നീക്കണം ( രാജൻ എന്നവരുടെ വീടിന് ഭീഷിണി) |
| | | | 2 തെങ്ങ് മുറിച്ച് മാറ്റണം ( ദേവു എന്നവരുടെ വീടീ ഭീഷിണി) |
| 6 | ആലംന്തട്ട ഉന്നതി | 22- പാറക്കൽ | താന്നി 2 എണ്ണം –മുറിച്ച് മാറ്റണം ( ഉഷ എന്നവരുടെ വീടിന് ഭീഷിണി) |
| | | | മാവ് 2 എണ്ണം – ചില്ലകൾ ചില്ലകൾ മുറിച്ച് മാറ്റണം ( ഉഷ എന്നവരുടെ വീടിന് ഭീഷിണി |
| | | | തെങ്ങ് 4 എണ്ണം – മുറിച്ച് മാറ്റണം (കേശവൻ, നങ്ങി, സിന്തു, ലക്ഷമി, ദേവി ചന്ദ്രൻ എന്നീവരുടെ വീടുകൾക്ക് ഭീഷിണി) |
| 7 | പമ്പാടിക്കുന്ന് പുറമ്പോക്ക് സ്ഥലം | 1- മടക്കിമല | താന്നി മരം – മുറിച്ച് മാറ്റണം- (മുരളീധരൻ, ആർദ്ര നിവാസ്, പാമ്പാടിക്കുന്ന് വീടിന് സമീപം) |
| 8 | കാക്കവയൽ - വെള്ളിത്തോട് റോഡിൽ | 7- കാക്കവയൽ | വെണ്ടേക്ക്- മുറിച്ച് മാറ്റണം- കാക്കവയൽ - വെള്ളിത്തോട് റോഡിൽ റോഡിന് ചേർന്ന്,വഴിയാത്രക്കാർക്ക് ഭീഷണിയായി |

**വ്യവസ്ഥകൾ:**

1. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിനു പുറത്ത് **"അപകടകരമായ മരങ്ങൾ/കൊമ്പുകൾ മുറിച്ചുമാറ്റുന്നതിനുള്ള ക്വട്ടേഷൻ"** എന്നും സമർപ്പിക്കുന്ന വ്യക്തിയുടെ സ്ഥാപനത്തിന്റെ പേര് ഫോൺ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
2. ക്വട്ടേഷനിൽ മുകളിലെ പട്ടികയിൽ തന്നിട്ടുള്ള ഒന്ന് മുതൽ 8 വരെയുള്ള ഓരോ സ്ഥലത്തേയും മരങ്ങൾ/ മര കൊമ്പ് മുറിക്കുന്നതിനുള്ള നിരക്കുകൾ രേഖപ്പെടുത്തണം

3. ഓരോ സ്ഥലത്തേയും സാഹചര്യങ്ങൾ പോയി പരിശോധിച്ച് ഓരോ സ്ഥലത്തിലേയും മരങ്ങൾ മുറിക്കുന്നതിനുള്ള നിരക്ക് പ്രത്യേകം രേഖപ്പെടുത്തണം
4. മരം മുറിക്കുന്നതിനോ കൊമ്പുകൾ വെട്ടിമാറ്റുന്നതിനോ ആവശ്യമായ തൊഴിലാളികൾ, യന്ത്രങ്ങൾ, സുരക്ഷാ ഉപകരണങ്ങൾ എന്നിവ ക്വട്ടേഷൻ നൽകുന്ന വ്യക്തി/കരാറുകാരൻ തന്നെ സ്വന്തം ചെലവിൽ കണ്ടെത്തേണ്ടതാണ്.
5. പ്രവൃത്തി നടക്കുന്ന സമയത്ത് വ്യക്തികൾക്കോ, വാഹനങ്ങൾക്കോ, മറ്റ് വസ്തുവകകൾക്കോ ഉണ്ടാകുന്ന ഏതൊരു അപകടങ്ങൾക്കും നാശനഷ്ടങ്ങൾക്കും പൂർണ്ണ ഉത്തരവാദിത്തം കരാറുകാരന് മാത്രമായിരിക്കും. ഗ്രാമപഞ്ചായത്തിന് ഇതിൽ യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.
6. സുരക്ഷാ മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിച്ച് വേണം പ്രവൃത്തികൾ ചെയ്യാൻ. മുറിച്ചെടുക്കുന്ന മരങ്ങളും കൊമ്പുകളും റോഡിലോ മറ്റോ ഗതാഗത തടസ്സം സൃഷ്ടിക്കാത്ത രീതിയിൽ അപ്പപ്പോൾ തന്നെ സുരക്ഷിതമായി മാറ്റേണ്ടതാണ്.
7. ലഭിക്കുന്ന ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ തുക (പഞ്ചായത്തിന് സാമ്പത്തികമായി ഏറ്റവും ലാഭകരമായത്) രേഖപ്പെടുത്തിയ ക്വട്ടേഷൻ അംഗീകരിക്കുന്നതായിരിക്കും.
8. ക്വട്ടേഷനുകൾ അംഗീകരിക്കുന്നതിനോ; യാതൊരു കാരണവും കാണിക്കാതെ ഭാഗികമായോ പൂർണ്ണമായോ റദ്ദാക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം മുട്ടിൽ ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഗ്രാമപഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

23/6/26

സെക്രട്ടറി

മുട്ടിൽ ഗ്രാമപഞ്ചായത്ത്

മുട്ടിൽ ഗ്രാമപഞ്ചായത്ത് കാര്യാലയം * മുട്ടിൽ പോസ്റ്റ്, വയനാട് *
തീയതി:..........
പിൻ: 673122

സെക്രട്ടറി
മുട്ടിൽ ഗ്രാമപഞ്ചായത്ത്